കീടരോഗ നിയന്ത്രണത്തിനുള്ള എതിർ പ്രാണികളെയും ജൈവിക നിയന്ത്രണോപാധികളായ ന്യൂഡോമോണാസ്, ട്രൈക്കോഡർമ, ട്രൈക്കോകാർഡ്സ്, ബ്യൂവേറിയ എന്നിവയും ഉല്പാദിപ്പിച്ച് ആവശ്യാനുസരണം കർഷകർക്ക് ലഭ്യമാക്കിവരുന്നു. ഇതുകൂടാതെ വിള ആരോഗ്യ പരിപാലനം മുഖ്യവിഷയമായി ജില്ലാതലത്തിൽ പ്രസിദ്ധീകരിക്കുന്ന ന്യൂസ് ബുള്ളറ്റിനുകൾ മുഖാന്തരം ജൈവിക നിയന്ത്രണ മാർഗ്ഗങ്ങളെക്കുറിച്ചും നൂതന സാങ്കേതിക വിദ്യകളും പ്രചരിപ്പിക്കുന്നുണ്ട്.

പ്രകൃതിദുരന്തങ്ങളിൽ കാർഷിക നാശത്തിനുള്ള നഷ്ടപരിഹാരം

185 (3471) ശ്രീ. മുല്ലക്കര രത്നാകരൻ :

ശ്രീ. ഇ. കെ. വിജയൻ :

ശ്രീ. ഇ. ചന്ദ്രശേഖരൻ :

ശ്രീമതി ഗീതാ ഗോപി : താഴെകാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) പ്രകൃതി ദുരന്തങ്ങളിൽ കാർഷിക നാശത്തിനുള്ള നഷ്ടപരിഹാരത്തിൽ കുറവ് വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ ഏതെല്ലാം ഇനങ്ങളിലാണ് കുറവ് വരുത്തിയിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ;

(ബി) ഈ ദുരന്തങ്ങളിൽ നഷ്ടപരിഹാരം നൽകുന്നതിനുള്ള മാനദണ്ഡങ്ങളിൽ മാറ്റം വരുത്തിയിട്ടുണ്ടോ ; ഉണ്ടെങ്കിൽ വരുത്തിയ മാറ്റങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കുമോ ;

(സി) പുതുക്കിയ മാനദണ്ഡമനുസരിച്ച് ഓരോ ഇനം കൃഷിക്കും എത്രമാത്രം ധനസഹായം ലഭിക്കുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ-സി) ഡിസാസ്റ്റർ മാനേജ്മെന്റ് (റവന്യൂ-കെ) വകുപ്പിന്റെ 11-6-2012-ലെ സ.ഉ. (എംഎസ്.) നമ്പർ 239/2012/ഡി.എം.ഡി. ഉത്തരവ് പ്രകാരം 1-4-2012 മുതൽ പ്രാബല്യത്തിൽ നിശ്ചയിച്ചിരുന്ന പ്രകാരമാണ് പ്രകൃതിക്ഷോഭം മൂലമുള്ള കൃഷിനാശത്തിന് ധനസഹായം നൽകി വന്നിരുന്നത്. കാലാകാലങ്ങളിൽ കേന്ദ്ര സർക്കാർ നിർണ്ണയിക്കുന്ന മാനദണ്ഡങ്ങൾ അനുസരിച്ചാണ് സ്റ്റേറ്റ് ഡിസാസ്റ്റർ

LIBRARY ARCHIVES Kerala Legislative Assembly

റെസ്പോൺസ് ഫണ്ടിൽ (SDRF) നിന്ന് ധനസഹായം* നൽകുന്നത്. *SDRF മാനദണ്ഡം കേന്ദ്രസർക്കാർ പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 16-1-2012 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 12-9-2012-ലെ ജി.ഒ.(എം.എസ്.)നമ്പർ 343/2012/ഡിഎംഡി ഉത്തരവിന്റെ പരിധിയിൽനിന്ന് സ.ഉ.(എം.എസ്.)നമ്പർ 239/2012/ഡിഎംഡി ഉത്തരവ് പ്രകാരം ധനസഹായം നിശ്ചയിച്ചിരുന്ന വിളകളെ ഒഴിവാക്കിയിരുന്നതിനാൽ പ്രസ്തുത ഉത്തരവിൽ ഉൾപ്പെടുത്തിയിട്ടുള്ള വിളകൾക്ക് ആയതുപ്രകാരം നിശ്ചയിച്ചിട്ടുള്ള ധനസഹായം ലഭിക്കുമായിരുന്നു. എന്നാൽ SDRF മാനദണ്ഡം കേന്ദ്ര സർക്കാർ വീണ്ടും പരിഷ്കരിച്ചതിന്റെ അടിസ്ഥാനത്തിൽ 1-3-2013 മുതൽ പ്രാബല്യത്തിൽ പുറപ്പെടുവിച്ച 25-10-2013-ലെ ജി.ഒ.(എം.എസ്.)നമ്പർ 470/2013/ഡിഎംഡി ഉത്തരവിൽ മേല്പറഞ്ഞ വ്യവസ്ഥ ഉൾപ്പെടുത്തിയിട്ടില്ലാത്തതിനാൽ കർഷകർക്ക് ലഭിക്കുന്ന ധനസഹായത്തിൽ കുറവ് വന്നിട്ടുണ്ട്. പ്രധാന വിളകൾക്ക് നൽകുന്ന ധനസഹായത്തിൽ വന്നിട്ടുള്ള വ്യത്യാസം അനുബന്ധമായി ചേർത്തിരിക്കുന്നു.*

ഹൈടെക് കൃഷി

186 (3472) ശ്രീ. സി. ദിവാകരൻ : താഴെകാണുന്ന ചോദ്യത്തിന് കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

കേരളത്തിൽ ഹൈടെക്ക്കൃഷി ഏതെല്ലാം കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്, ഇതുവഴി ഉണ്ടായ നേട്ടം എന്താണെന്ന് വ്യക്തമാക്കുമോ; ഇതുവഴി ഉത്പാദനം എത്ര മടങ്ങായി വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്, ഹൈടെക്ക്കൃഷി പ്രോത്സാഹിപ്പിക്കുന്നതിനായി 2013-2014 വർഷം എത്ര തുകയാണ് ചിലവഴിച്ചത് ?

ഉത്തരം

കേരളത്തിൽ ഹൈടെക് കൃഷി പച്ചക്കറി വിളകളായ സലാഡ് വെള്ളരി, പയർ, ക്യാപ്സിക്കം, പാവയ്ക്ക, കോളിഫ്ലവർ, പുഷ്പ വിളകളായ കാർനേഷൻ, ജെർബറ, ഓർക്കിഡ് തുടങ്ങിയ കാർഷിക ഉല്പന്നങ്ങളുടെ കാര്യത്തിലാണ് നടപ്പിലാക്കിയിട്ടുള്ളത്. സംസ്ഥാനത്ത് ആരംഭിച്ച പോളീഹൗസുകളിൽ 4 മുതൽ 8 തവണവരെ വിളവെടുപ്പ് നടത്തുവാൻ കർഷകർക്ക് സാധിച്ചിട്ടുണ്ട്. കീടനാശിനി

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly